**Confirmed Minutes of the 201$^{th}$ (06/22) Special Meeting of the Syndicate held on 29.06.2022 at 2.00 p.m at University Head Quarters, Kalady**

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ. കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി. വി രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ബിച്ച്.എക്സ്.മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. സി.എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം (ഓൺ ലൈൻ)
10. ഡോ. ശിവദാസൻ. പി, സിൻഡിക്കേറ്റംഗം(ഓൺ ലൈൻ)
11. ഡോ. ആർ. ശശീധരൻ, സിൻഡിക്കേറ്റംഗം (ഓൺ ലൈൻ)

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

## MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ വൈദ്യുതി, ധനകാര്യ മന്ത്രിയായിരുന്ന ശ്രീ ടി. ശിവദാസമേനോന്റെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

22.06.2022 തീയതിയിലെ 200-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയുടെ പ്രോ വൈസ് ചാൻസലറായി ഡോ. കെ. മുത്തുലക്ഷ്മി 22.06.2022 അപരാഹ്നത്തിൽ ചാർജ്ജ് എടുത്തു. ഡോ. ശ്രീകല എം. നായർ-നെ പ്രൊഫസർ ഇൻ -ചാർജ്ജ് ഓഫ് എക്സാമിനേഷൻസിൽ നിന്നും അന്നേ ദിവസം വിടുതൽ ചെയ്തു. ഡോ. കെ. മുത്തുലക്ഷ്മിയെ സിൻഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.

2. 28.06.2022 ന് ബഹു. ചാൻസലർ ആയ ഗവർണർ സർവകലാശാലാ ഫാക്കൽട്ടി ഡീൻമാരിൽ നിന്നുമുള്ള സിൻഡിക്കേറ്റ് അംഗമായി ഇൻഡോളജി വിഭാഗം ഫാക്കൽറ്റി ഡീൻ ഡോ. കെ. എം. അനിൽ - നെ നോമിനേറ്റ് ചെയ്ത് ഉത്തരവായി.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

24.06.2022 ൽ കൂടിയ സംസ്കൃത വിഭാഗങ്ങളുടെ സംയുക്ത ബോർഡ് ഓഫ് സ്റ്റഡീസ് മീറ്റിംഗ്, ഫാക്കൽറ്റി മീറ്റിംഗ് എന്നിവയുടെ മിനുട്സ് - സംബന്ധിച്ച്. [No. 9865/Acd.B1/SSUS/2022]

ബി.എ പ്രോഗ്രാമിന്റെ ഘടന, സിലബസ് എന്നിവയുടെ പുന:സംഘാടനം, സംസ്കൃത വിഭാഗങ്ങളിലെ എല്ലാ സ്പെഷ്യലൈസ്ഡ് പി.ജി പ്രോഗ്രാമുകളും അടിസ്ഥാനപരമായി സംസ്കൃതം പ്രോഗ്രാം ആണ് എന്ന് സാക്ഷ്യപ്പെടുത്തലും എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനായി 24.06.2022 ൽ കൂടിയ സംസ്കൃത വിഭാഗങ്ങളുടെ സംയുക്ത ബോർഡ് ഓഫ് സ്റ്റഡീസ് മീറ്റിംഗ്, ഫാക്കൽറ്റി മീറ്റിംഗ് എന്നിവയുടെ യോഗ തീരുമാനങ്ങൾ, എസ്.എസ്.യു.എസ് ആക്ട് 1994 (Act 5 of 1994) and Amendment Act 2021 വ്യവസ്ഥ 26 (7)

പ്രകാരം അടിയന്തിര ഘട്ടങ്ങളിൽ അക്കാദമിക് കൗൺസിലിൽ നിക്ഷിപ്തമായ അധികാരം വൈസ് ചാൻസലർക്ക് വിനിയോഗിക്കാം എന്ന വ്യവസ്ഥ അനുസരിച്ച്, അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാനും ഇതിനനുസൃതമായി യു.ജി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനും തീരുമാനിച്ചു.

## OUT OF AGENDA

### Item No. 1

അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുമ്പോൾ പി.ജി ക്ലാസ്സുകൾക്ക് ഒരു മണിക്കൂർ ഒന്നര മണിക്കൂറായി കണക്കാക്കിയിരുന്ന പി.ജി വെയിറ്റേജ് 01.04.2020 ലെ G.O. (Ms) No. 155/2020/H.Edn ന്റെ ഉത്തരവ് പ്രകാരം നിർത്തലാക്കി 1:1 അനുപാതം നടപ്പിലാക്കാൻ തീരുമാനിച്ചു.

### Item No. 2

സ്വന്തമായ സ്ഥലമോ കെട്ടിടമോ മറ്റു ഭൗതിക സാഹചര്യങ്ങളോ ഇല്ലാത്തതിനാൽ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ ഈ അദ്ധ്യയന വർഷത്തിൽ ബി.എ. പ്രോഗ്രാമിന് പ്രവേശനം നടത്തേണ്ടതില്ലെന്ന 25.06.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. ഒരു കോഴ്സും നടത്താനുള്ള ഭൗതിക സാഹചര്യങ്ങൾ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ ഇല്ലാത്തതിനാൽ ടി പ്രാദേശിക കേന്ദ്രം എത്രയും പെട്ടെന്ന് അടച്ച് പൂട്ടേണ്ടതാണെന്ന് അഭിപ്രായപ്പെട്ട ഡോ. സി.എം. മനോജ് കുമാർ പ്രസ്തുത തീരുമാനത്തോട് വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം 3.15 ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**വൈസ് ചാൻസലർ** **രജിസ്ട്രാർ**